# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 463 **06-02-2014** ന് മറുപടിയ്ക്ക്

## വന വിസ്തൃതിയും വന സംരക്ഷണവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. നാണു**<br>**ശ്രീ. മാത്യു.റ്റി.തോമസ്**<br>**ശ്രീമതി. ജമീല പ്രകാശം**<br>**ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ വനഭൂമിയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തിപ്പോൾ 1130947. 54 ഹെക്ടർ വനഭൂമിയാണുള്ളത്. അതിൽ 917630.16 ഹെക്ടർ റിസർവ്വ് ഫോറസ്റ്റും, 29537.81 ഹെക്ടർ പ്രൊപ്പോസ്ഡ് റിസർവ്വും, 168968.66 ഹെക്ടർ വെസ്റ്റഡ് ഫോറസ്റ്റും, 14810.914 ഹെക്ടർ ഇ.എഫ്.എൽ വനഭൂമിയുമാണുള്ളത്. |
| (ബി) ഇത് സംബന്ധിച്ച് അവസാനമായി കണക്കെടുപ്പ് നടത്തിയത് ഏത് വർഷത്തിലാണ് എന്ന് അറിയിക്കാമോ; | (ബി) 2008-09 |
| (സി) വനസംരക്ഷണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (സി) വനസംരക്ഷണത്തിനായി വനസംരക്ഷണ ജീവനക്കാരും, വനസംരക്ഷണ സമിതി പ്രവർത്തകരും, ജാഗരൂഗരായി പ്രവർത്തിക്കുന്നുണ്ട്. വനം കൊള്ള തടയുന്നതിന് രാത്രികാല പട്രോളിംഗും റെയിഡുകളും നടത്തിവരുന്നുണ്ട്. വനം കൊള്ളക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ഫയർ സീസണിൽ ആവശ്യമായ ഫയർ വാച്ചർമാരെ നിയമിച്ച് ഫയർലൈൻ തെളിച്ച് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വനസംരക്ഷണം ഉറപ്പ വരുത്തുകയും ചെയ്യുന്നു. കൂടാതെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതലുള്ള ജീവനക്കാരുടെ നിരന്തര പട്രോളിംഗിലൂടേയും ആധുനിക ആയുധങ്ങളുടെ ഉപയോഗത്തിലൂടെയും വനം കയ്യേറ്റം, മരം മുറിയ്ക്കൽ എന്നിവയ്ക്കെതിരെ ഫലപ്രദമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

ഇതിനായി സ്ഥിരം ജീവനക്കാർക്ക പുറമേ താല്ക്കാലിക സംരക്ഷണ വാച്ചർമാരുടെ സേവനവും ഉപയോഗിക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ജണ്ടകൾ നിർമ്മിക്കുകയും കഞ്ചാവ് കൃഷി, ചാരായ വാറ്റ് എന്നിവ ഇല്ലെന്ന് ഉറപ്പു വരുത്തുകയും മറ്റ് അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിന് പ്രത്യേക റെയിഡുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വനത്തേയും പ്രകൃതിയേയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രകൃതി പഠന ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.

Ajith

സെക്ഷൻ ഓഫീസർ